**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **27-06-2022 - ൽ മറുപടിയ്ക്ക്**

**ലഹരിക്കടത്ത് തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കടൽ മാർഗ്ഗവും വിമാനത്താവളം, റെയിൽവേ എന്നിവ വഴിയും ലഹരിക്കടത്ത് വർദ്ധിച്ചുവരുന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരം അസാധ്യമാകുന്ന തരത്തിൽ എക്സൈസ് സേനയുടെ പ്രവർത്തനം ആധുനികീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തേക്കുള്ള ലഹരിക്കടത്ത് തടയുന്നതിനായി വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്നുള്ള സംയുക്ത പരിശോധനകളും റെയിഡുകളും ശക്തിപ്പെടുത്തിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും റയിൽ മാർഗമുള്ള മയക്ക് മരുന്ന് കടത്ത് തടയുന്നതിനായി റെയിൽവേ പോലീസുമായി ചേർന്ന് ട്രെയിനുകളിലും, കടൽ മാർഗമുള്ള ലഹരിക്കടത്ത് തടയുന്നതിനായി കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് എന്നീ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് തീര പ്രദേശങ്ങളിലും, കടലിലും പട്രോളിങ്ങും പരിശോധനകളും റെയിഡുകളും നടത്തി വരുന്നു. കൂടാതെ കസ്റ്റംസ് വിഭാഗവുമായി ചേർന്നും അവശ്യ ഘട്ടങ്ങളിൽ പരിശോധന നടത്തി വരുന്നു. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തും മയക്കുമരുന്ന് ഉപയോഗവും വ്യാപാരവും കൂടുതലുള്ളതായി പറയപ്പെടുന്ന കോളനികളിലും പോലീസുമായി ചേർന്ന് നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാന എക്സൈസ് വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും, മദ്യ-മയക്കു മരുന്ന് വിൽപനയും ഉപഭോഗവും നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കോളനികളിലും പരിസരങ്ങളിലും പോലീസ് വകുപ്പുമായി ചേർന്ന് നിരവധി പരിശോധനകൾ നടത്തിയിട്ടുണ്ട്. കോളനികളിലും പരിസരങ്ങളിലും ലഹരി ഉപയോഗവും അതിനെ തുടർന്നുണ്ടാകുന്ന കുറ്റകൃത്യങ്ങളും തടയുന്നതിനായി മുൻകരുതൽ പരിശോധനയും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നു. |
| (സി) | അതിർത്തി ചെക്ക്പോസ്റ്റുകളിൽ സദാസമയവും പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിക്കുന്നതിനും പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി പ്രധാനപ്പെട്ട 22 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച സദാസമയവും പ്രവർത്തിക്കുന്ന ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ വാഹന പരിശോധന നടത്തിവരുന്നു. വനാതിർത്തികളിൽ വനം, റവന്യൂ പോലീസ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തി വരുന്നു |
| (ഡി) | വിമുക്തി മിഷന്റെ പ്രവർത്തനം ശാക്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും, പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷന്റെ കീഴിൽ വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ **'ഉണർവ്'** എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ 'നേർക്കൂട്ടം', എന്ന പേരിലും ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും, ആർട്ട്സ് & സയൻസ് കോളേജുകളിലും 'നേർക്കൂട്ടം', 'ശ്രദ്ധ' കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ജില്ലകളിൽ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ച് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്.<br><br>ജില്ലകളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസെലിങ്ങ് ലഭ്യമാക്കുന്നതിനായി സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി വരുന്നുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി |

| | | | |
|---|---|---|---|
| | | | 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകളും, തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി-അഡിക്ഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖല കൗൺസിലിംഗ് സെന്ററുകൾ മുഖേന കൗൺസിലിംഗ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ